പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2957** 20/12/2012 ൽ മറുപടിയ്ക്ക്

## സ്കൂൾ ലൈബ്രറികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സി.എഫ്. തോമസ് :<br>ശ്രീ. റ്റി.യു. കുരുവിള : | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) | സ്കൂൾ ലൈബ്രറികൾ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ സ്കൂൾ ലൈബ്രറികൾ നവീകരിക്കുന്നതിനും പുസ്തകങ്ങൾ വാങ്ങുന്നതിനും ഓരോ വർഷവും സ്കൂളുകൾക്ക് ധനസഹായം നൽകി വരുന്നുണ്ട്. തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലൈബ്രറികളുടെ നവീകരണത്തിന് സ്കൂൾ തലത്തിൽ നിന്നും ലഭിക്കുന്ന പ്രൊപ്പോസൽ പരിശോധിച്ച് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കി വരുന്നു. ഹയർ സെക്കണ്ടറി സ്കൂളുകളുടെ പി.റ്റി.എ ഫണ്ടിൽ നിന്നും 10% തുക ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിന് ഉപയോഗപ്പെടുത്തുന്നുണ്ട്. |
| ബി) | സ്കൂൾ ലൈബ്രറികളിൽ നിന്നും വിദ്യാർത്ഥികൾക്ക് പുസ്തകങ്ങൾ വിതരണം ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (ബി) | പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും പ്രാപ്തരായ അധ്യാപകരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| സി) | സ്കൂൾ ലൈബ്രറിയിൽ നിന്നും കൂടുതൽ ബുക്കുകൾ എടുത്ത് വായിച്ച് റിപ്പോർട്ട് തയ്യാറാക്കുന്ന കുട്ടികൾക്ക് പ്രത്യേക ഇന്റേണൽ മാർക്ക് നല്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

Sajikumar .N

സെക്ഷൻ ഓഫീസർ